19. സ്വഫയിൽ കയറി കഅ്ബയിലേക്ക് തിരിഞ്ഞ് കൈ ഉയർത്തി താഴെയുള്ള പ്രകാരം 3 പ്രാവശ്യം പറയുക.

الله أكبر الله أكبر الله أكبر لَا إِلَهَ إِلاّ اللهُ وَحْدَهُ لَا شَرِيْكَ لَهُ، لَهُ الـمُلْكُ ولَهُ الـحَمْدُ، وَهُوَ عَلَى كُلِّ شَيءٍ قَدِيرٌ، لَا إِلَهَ إِلاّ اللهُ وَحْدَهُ، أَنْجَزَ وَعْدَهُ، وَنَصَرَ عَبْدَهُ، وهَزَمَ الأَحْزَابَ وَحْدَهُ

അല്ലാഹു ഏറ്റവും വലിയവൻ (3 തവണ) അവൻ ഏകനാണ അവന് പങ്കുകാരനില്ല അവനാണ് ആധിപത്യം അവനാണ് സ്തുതികളൊക്കെയും അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. അല്ലാഹുവല്ലാതെ ആരാധ്യനില്ല അവൻ ഏകനാണ് അവന് പങ്കുകാരനില്ല അവൻ അവന്റെ വാഗ്ദാനം നിറവേറ്റി അവന്റെ അടിമയെ സഹായിച്ചു സഖ്യസേനയെ അവൻ തനിയെ തുരത്തി)

20. പിന്നീട് ഇഹപര വിജയത്തിനായി പ്രാർത്ഥിക്കുക.
21. തുടർന്ന് മർവയിലേക്ക് നടക്കുക.
22. സ്വഫാ മർവയിലെ പച്ച ലൈറ്റുള്ളടത്ത് സ്വൽപം വേഗതയിൽ പുരുഷന്മാർ ഓടുക. മർവയിലും സ്വഫയിൽ പ്രാർത്ഥിച്ചത് പോലെ പ്രാർത്ഥിക്കുക.
23. സ്വഫയിൽ നിന്ന് മർവയിലെത്തിയാൽ സഅ്യ് ഒരു പ്രാവശ്യം പൂർത്തിയായി. മർവയിൽ നിന്ന് സ്വഫയിൽ തിരിച്ചെത്തിയാൽ രണ്ട് പ്രാവശ്യമായി.
24. സഅ്യ് ഏഴാം തവണ മർവയിൽ അവസാനിപ്പിച്ച് പുരുഷ–ന്മാർ തല മുണ്ഡനം ചെയ്യുക. സ്ത്രീകൾ മുടിയിൽ നിന്ന് സ്വൽപം മുറിച്ചെടുക്കുക.
25. ഇതോടെ ഉംറ പൂർത്തിയായി ഇനി ഉംറയിൽ വിരോധിക്ക–പ്പെട്ടതെല്ലാം അനുവദനീയമായി.
26. മക്കയിൽ നിന്ന് വിടവാങ്ങുന്നത് വരെ ത്വവാഫ് വർദ്ധിപ്പിക്കാം.
27. മസ്ജിദുൽ ഹറാമിൽ പ്രാർത്ഥനയിലും ഖുർആൻ പാരായണത്തിലും ഇഅ്തികാഫിലുമായി ഇരിക്കാം.
28. മസ്ജിദുൽ ഹറാമിലെ ഒരു നമസ്കാരത്തിന് മറ്റു പള്ളികളി–ലെ നമസ്കാരങ്ങളെക്കാൾ ഒരു ലക്ഷം ഇരട്ടി പ്രതിഫലമുണ്ട്.
29. ത്വവാഫുൽ വിദാഅ് (വിടവാങ്ങൽ) ഉംറയിൽ നിർബന്ധമില്ല. മസ്ജിദുൽ ഹറാമിൽ നിന്ന് പുറത്ത് പോരുമ്പോൾ ഇങ്ങനെ പറയുക. اللهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ
30. ഒരു യാത്രയിൽ ഒന്നിലധികം ഉംറ വർദ്ധിപ്പിക്കുന്നതിൽ സുന്നത്തില്ല.
31. മദീന സന്ദർശനം ഉംറയുടെ ഭാഗമല്ല.
32. മസ്ജിദുന്നബവിയിലെ ഒരു നമസ്കാരത്തിന് ആയിരം ഇരട്ടി പ്രതിഫലമുണ്ട്.
33. നബി(സ)യുടെയും, അബൂബക്കർ (റ), ഉമർ (റ) ഖബറുകൾ പുരുഷന്മാർക്ക് സന്ദർശിക്കലും അവർക്ക് സലാം പറയലും സുന്നത്താണ്.

# അൽ ഇസ്‌ലാഹ് ഉംറ സർവീസ്

ദോഹ, ഖത്തർ Tel: 55624640, 55559756



## പ്രത്യേകതകൾ:

- പ്രവാചകചര്യക്കനുസരിച്ച് ഉംറ നിർവ്വഹിക്കാൻ അവസരം
- പരിചയ സമ്പന്നരായ അമീറുമാരുടെ നേതൃത്വം
- ചരിത്രഭൂമികളിൽ സന്ദർശനവും ഉദ്ബോധനവും
- ഇരു ഹറമുകൾക്ക് സമീപം താമസ സൗകര്യം
- കേരളീയ ഭക്ഷണം
- ഫാമിലിക്ക് സൗകര്യം



## ഉംറയുടെ പൂർണ്ണ രൂപം

**1. വീട്ടുകാരോട് യാത്ര പറയുമ്പോൾ**

أَسْتَوْدِعُكَم اللَّهَ الَّذِي لَا تَضِيعُ وَدَائِعُهُ

(ഞാൻ നിങ്ങളെ അല്ലാഹുവിനെ ഏൽപ്പിക്കുന്നു അവനെ ഏൽപ്പിച്ചതൊന്നും പാഴാകുകയില്ല)

**2. വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ**

بِسْمِ اللَّهِ تَوَكَّلْتُ عَلَى اللَّهِ، لَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ

(അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് ഞാൻ ഇതാ പുറപ്പെടുന്നു. അല്ലാഹുവിനെ കൊണ്ടെല്ലാതെ ഒരു കഴിവും പ്രാപ്തിയുമില്ല)

**3. വാഹനത്തിൽ കയറിയാൽ**

أللہ أكبر أللہ أكبر أللہ أكبر سُبْحَانَ الّذِي سَخَّرَ لَنَا هَذَا، وَمَا كُنَّا لَهُ مُقْرِنِينَ، وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ، اللهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى، وَمِنَ الْعَمَلِ مَا تَرْضَى، اللهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا، وَاطْوِ عَنَّا بُعْدَهُ، اللهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ، وَالْخَلِيفَةُ فِي الأَهْلِ، اللهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ، وَكَآبَةِ الْمَنْظَرِ، وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالأَهْلِ

(അല്ലാഹു ഏറ്റവും മഹാൻ(3 തവണ) ഞങ്ങൾക്ക് വേണ്ടി ഈ വാഹനത്തെ വിധേയ മാക്കിതന്ന അല്ലാഹു എത്ര പരിശുദ്ധൻ ഞങ്ങൾ അതിനെ അതീനപ്പെടുത്താൻ കഴിയുമായിരുന്നില്ല. അല്ലാഹുവേ, ഈ യാത്രയിൽ പുണ്യവും ഭക്തിയും നിന്നോട് ഞങ്ങൾ ചോദിക്കുന്നു നീ തൃപ്തിപ്പെടുന്ന പ്രവർത്തനത്തെയും, അല്ലാഹുവേ, ഞങ്ങളുടെ ഈ യാത്ര എളുപ്പമാക്കി തരേണമേ വഴി ദൂരം കുറച്ചു തരേണമേ, അല്ലാഹുവേ നീയാണ് യാത്രയിൽ ഞങ്ങളുടെ സഹചാരി ഞങ്ങളുടെ വീട്ടുകാരിൽ പ്രതിനിധിയും നീ തന്നെ)

**4. ഉയർന്ന ഭാഗത്തോ മലമുകളിലോ കയറുമ്പോൾ** أللہ أكبر **എന്ന് പറയുക.**

**5. താഴേക്ക് ഇറങ്ങുമ്പോഴും താഴ്ന്ന സ്ഥലത്ത് എത്തുമ്പോൾ** سبحان الله **എന്ന് പറയുക.**

**6. വഴിമധ്യേ ഇറങ്ങിയാൽ** أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ **എന്ന് പറയുക.**

(അല്ലാഹുവിന്റെ പൂർണമായ വചനങ്ങൾകൊണ്ട് അവൻ സൃഷ്ടിച്ച എല്ലാ നാശത്തിൽ നിന്നും ഞാൻ കാവൽ ചോദിക്കുന്നു)

**7. മീഖാത്തിൽ നിന്നു ഇഹ്റാമിൽ പ്രവേശിക്കൽ**

ഖത്തറിൽ നിന്ന് റോഡ് മാർഗം പോവുന്ന നമുക്ക് ത്വാഇഫിൽ ഉള്ള സൈലുൽ കബീർ (ഖർനുൽ മനാസിൽ) എന്ന സ്ഥലമാണ് മീഖാത്ത്. അവിടെന്ന് മക്കയിലേക്ക് 78 കിലോമീറ്റർ ദൂരമുണ്ട്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

* ഇഹ്റാമിന് മുമ്പ് നഖം, മീശ, ഗുഹ്യരോമം, കക്ഷരോമം എന്നിവ നീക്കം ചെയ്യുക.
* കുളിക്കുക. ഇഹ്റാമിൽ പ്രവേശിക്കാൻ വേണ്ടി കുളിക്കുക പിന്നീട് സുഗന്ധം ശരീരത്തിൽ ഉപയോഗിക്കുക.
* ഇഹ്റാമിന്റെ വസ്ത്രം പുരുഷന്മാർ ധരിക്കുക. (ഒരു അരയുടുപ്പും ഒരു ചുമൽ മൂടുന്ന വസ്ത്രവും രണ്ട് ചുമലിലും മൂടിപുതക്കുക.
* സ്ത്രീകൾ മുഖവും മുൻ കൈയും ഉംറ ചെയ്യുന്നത് വരെ മറക്കരുത്.

8. ഫർള് നമസ്കാരത്തിനു ശേഷമോ തഹിയ്യത്ത് നമസ്കാരത്തിനു ശേഷമോ വുളുവിന്റെ സുന്നത്ത് നമസ്കാരത്തിന് ശേഷമോ ഇഹ്റാമിൽ പ്രവേശിക്കുന്നത് പുണ്യകരമാണ്. വാഹനത്തിൽ കയറിയതിനു ശേഷമാണു ഇഹ്റാമിൽ പ്രവേശിക്കേണ്ടത്.

ഉംറക്ക് ഇഹ്റാമിൽ പ്രവേശിക്കുമ്പോൾ ഞാൻ ഉംറ ചെയ്യുകയാണെന്ന് മനസ്സിൽ കരുതി لبيك اللهمَّ عمرة
എന്ന് പറയുക.

9. രോഗകാരണമായോ മറ്റോ തടസ്സമുണ്ടാവാൻ സാധ്യതയുള്ളവർ اللهُمَّ مَحِلِّي حَيْثُ حَبَسْتَنِي എന്ന് പറയുക.
(അല്ലാഹുവേ, എനിക്ക് വഴിയിൽ വല്ല തടസ്സവും നേരിടുകയാണെങ്കിൽ പ്രസ്തുത സ്ഥലത്ത് വെച്ച് ഞാൻ ഉംറയുടെ ഇഹ്റാമിൽ നിന്ന് ഒഴിവാകുന്നതാണ്)

10. പിന്നീട് കഅ്ബത്തിങ്കൽ എത്തുന്നതുവരെ പുരുഷന്മാർ ഉച്ചത്തിലും സ്ത്രീകൾ പതുക്കെയും തൽബിയ്യത്തിൽ മുഴുകുക.

لَبَّيْكَ اللهُمَّ، لَبَّيْكَ، لَبَّيْكَ لَا شَرِيكَ لَكَ لَبَّيْكَ، إِنَّ الْحَمْدَ
وَالنِّعْمَةَ لَكَ وَالْمُلْكَ لَا شَرِيكَ لَكَ

(അല്ലാഹുവേ, നിന്റെ വിളിക്ക് ഉത്തരമേകി ഞാനിതാ വന്നിരിക്കുന്നു. ഞാനിതാ നിന്റെ വിളിക്ക് ഉത്തരം ചെയ്തിരിക്കുന്നു.നിനക്ക് യാതൊരു പങ്കുകാരനുമില്ല നിന്റെ വിളിക്ക് ഞാനിതാ ഉത്തരം ചെയ്തിരിക്കുന്നു. എല്ലാ സ്തുതികളും അനുഗ്രഹങ്ങളും ആധിപത്യവുമൊക്കെ നിനക്കാണ് തീർച്ച. നിനക്കൊരു പങ്കുകാരനുമില്ല)

11. ഇഹ്റാമിൽ പാടില്ലാത്ത കാര്യങ്ങൾ

* മുടി എടുക്കുക
* നഖം മുറിക്കുക
* പുരുഷൻ തലയും മുഖവും മറക്കുക
* പുരുഷൻ തുന്നിയ വസ്ത്രം ധരിക്കുക
* സുഗന്ധം പൂശുക

മേൽ സൂചിപ്പിച്ചതിൽ ഏതെങ്കിലും ഒന്ന് ചെയ്താൽ താഴെ പറയുന്ന മൂന്നിൽ ഒന്ന് പ്രായശ്ചിത്തമായി നിർവഹിക്കണം.

- മൂന്ന് ദിവസം നോമ്പനുഷ്ഠിക്കുക
- ആറു സാധുവിനു ഭക്ഷണം നൽകുക
- ഒരു ആടിനെ ബലി അറുക്കുക

* കുറ്റകൃത്യങ്ങൾ ചെയ്യുക
* വേട്ടയാടുക
* വിവാഹം ചെയ്യുക, വിവാഹാലോചന നടത്തുക
* സംയോഗം ചെയ്യുകയോ അതിനു പ്രേരണ നൽകുന്ന പ്രവർത്തിയോ ചെയ്യുക
* ഹറം പ്രദേശത്തെ മരമോ ചെടിയോ മുറിക്കുക
* അനാവശ്യമായി തർക്കിക്കുക
* വീണുകിട്ടിയ വസ്തുക്കൾ എടുക്കുക

(ഇവയെല്ലാം നിഷിദ്ധമാണ്)

12. മീഖാത്തിൽ എത്തിയവരിൽ ആർത്തവകാരികളുണ്ടെങ്കിൽ അവർ കുളിച്ച് ഇഹ്റാമിൽ പ്രവേശിച്ച് ശുദ്ധി ആകുന്നതുവരെ ഹറമിൽ താമസിക്കുക. ശേഷം ത്വവാഫ് ചെയ്ത് ഉംറ പൂർത്തിയാക്കുകയാണു വേണ്ടത്.

13. മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുമ്പോൾ വലത് കാൽ വെച്ച് ഇങ്ങനെ ചൊല്ലുക

بِسْمِ اللهِ اللهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ أَعُوذُ بِاللَّهِ الْعَظِيمِ، وَبِوَجْهِهِ الْكَرِيمِ،
وَسُلْطَانِهِ الْقَدِيمِ، مِنَ الشَّيْطَانِ الرَّجِيمِ

(അല്ലാഹുവേ നിന്റെ നാമത്തിൽ പ്രവേശിക്കുന്നു അല്ലാഹുവേ മുഹമ്മദ് നബി(സ)ക്ക് കരുണയും സമാധാനവും ചൊരിയേണമേ, അല്ലാഹുവേ നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ തുറന്നു തരേണമേ മഹാനായ അല്ലാഹുവിനെകൊണ്ടും അവന്റെ തിരുമുഖംകൊണ്ടും അനാദിയായ അധികാരം കൊണ്ടും ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാൻ കാവൽ ചോദിക്കുന്നു)

14. ത്വവാഫിന്റെ രൂപം

* ത്വവാഫിന് വുളു നിർബന്ധമാണ്.
* കഅ്ബയെ ഇടത് വശത്താക്കി ഹജറുൽ അസ്‌വദിന്റെ മൂല-യിൽ നിന്ന് നടന്ന് തുടങ്ങുക.
* അവിടേക്ക് തന്നെ തിരിച്ചെത്തിയാൽ ഒരു ത്വവാഫ് പൂർത്തിയായി.
* അങ്ങനെ 7 തവണ പ്രദിക്ഷണം ചെയ്യുക.
* ത്വവാഫ് തുടങ്ങുമ്പോൾ ഹജറുൽ അസ് വദിനു നേരെ തിരിഞ്ഞു കൈ ഉയർത്തി بِسْمِ اللهِ اللَّهُ أَكْبَرُ എന്ന് ചൊല്ലി ത്വവാഫ് തുടങ്ങുക.
* ഇഹ്റാമിൽ പുതച്ച പുതപ്പ് വലത് കക്ഷത്തിലൂടെ എടുത്ത് ഇടത്തേ തോളിലേക്കിടുക.
* ആദ്യത്തെ മൂന്ന് ചുറ്റലിൽ സ്വൽപ്പം ധൃതിയിൽ നടക്കുക.
* ഓരോ ചുറ്റിലും ഹജറുൽ അസ്‌വദിന്റെ നേരെ എത്തുമ്പോൾ അതിനു നേരെ കൈ ഉയർത്തി اللَّهُ أَكْبَرُ എന്ന് പറയുക.
* ഹജറുൽ അസ്‌വദിന്റെ മൂലയുടെ മുമ്പുള്ള മൂല (റുക്നുൽ യമാനി) മുതൽ ഹജറുൽ അസ്‌വദിന്റെ മൂല വരെ

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً، وَقِنَا عَذَابَ النَّارِ

എന്ന് പറയുക.

* റുക്നുൽ യമാനിയെ കൈകൊണ്ട് തടവൽ സുന്നത്താണ് മുത്തൽ സുന്നത്തില്ല.
* തിരക്കില്ലാത്ത സമയത്താണെങ്കിൽ ഹജറുൽ അസ്‌വദ് ചുംബിക്കുക.
* ത്വവാഫ് ചെയ്യുമ്പോൾ ഏത് പ്രാർത്ഥനയുമാകാം.
* ത്വവാഫ് ഏഴ് തവണ പൂർത്തിയായാൽ ഇബ്റാഹീം മഖാമിന്റെ പിന്നിൽ നിന്ന് ത്വവാഫിന്റെ രണ്ട് റക്അത്ത് നമസ്കരിക്കുക.

15. ഇബ്റാഹീം മഖാമിലേക്ക് നടക്കുമ്പോൾ

{ وَاتَّخِذُوا مِنْ مَقَامِ إِبْرَاهِيمَ مُصَلًّى} [البقرة:125]

എന്ന് ചൊല്ലുക.

16. ഇബ്റാഹിം മഖാമിന്റെ പിന്നിലുള്ള രണ്ട് റക്അത്ത് നമസ്കാരത്തിൽ 1. قل يا أيهاالكافرون 2. قل هو الله أحد

എന്നീ സൂറത്തുകൾ ഒന്ന്, രണ്ട് റക്അത്തുകളിൽ യഥാക്രമം ചൊല്ലുക.

17. പിന്നീട് സംസം കുടിക്കുക.

18. തുടർന്ന് സ്വഫായിലേക്ക് നടക്കുക. അതിനടുത്തെത്തിയാൽ സൂറ: അൽബഖറയിലെ ഈ ആയത്ത് പാരായണം ചെയ്യുക.

إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللَّهِ فَمَنْ حَجَّ الْبَيْتَ
أَوِ اعْتَمَرَ فَلَا جُنَاحَ عَلَيْهِ أَنْ يَطَّوَّفَ بِهِمَا وَمَنْ
تَطَوَّعَ خَيْرًا فَإِنَّ اللَّهَ شَاكِرٌ عَلِيمٌ (158البقرة)

(തീർച്ചയായും സ്വഫയും മർവയും മത ചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതാകുന്നു. കഅ്ബ മന്ദിരത്തിൽ ഹജ്ജോ ഉംറയോ നിർവ്വഹിക്കുന്ന ഏതൊരാളും അവയിലൂടെ പ്രദിക്ഷണം നടത്തുന്നതിൽ കുറ്റമൊന്നും ഇല്ല. ആരെങ്കിലും സൽകർമ്മം സ്വയം സന്നദ്ധനായി ചെയ്യുകയാണെങ്കിൽ തീർച്ചയായും അല്ലാഹു കൃതജ്ഞനും സർവജ്ഞനുമാകുന്നു)